ഉത്തരം

(എ-സി) പിഗ്മെന്റ്സ് ഇൻഡ്യാ എന്ന കമ്പനി കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ സ്ഥാപിച്ചതാണ്. ബി.ഐ.എഫ്.ആർ. ഇപ്പോൾ ഇതിനെ പീഡിത വ്യവസായമായി പ്രഖ്യാപിക്കുകയും പ്രമോട്ടറെ കണ്ടെത്താനായി പരസ്യം നൽകിയിരിക്കുകയുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രമോട്ടർ താത്പര്യം കാട്ടുകയും ഒരു പുനരധിവാസ പദ്ധതി തയ്യാറാക്കി ബി.ഐ.എഫ്.ആറിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള തുടർ നടപടികൾ നടന്നുവരുന്നു. ബി.ഐ.എഫ്.ആറിന്റെ കരട് പുനരധിവാസ പദ്ധതി പ്രകാരമുള്ള സൗജന്യങ്ങളും സഹായങ്ങളും നൽകുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ

125 (1198) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ എത്ര, മറ്റുള്ളവയെത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജില്ലയിൽ വ്യവസായ വികസനത്തിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും, എന്നേക്കു നടപ്പിലാക്കാൻ കഴിയുമെന്നും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെയും കെ.എസ്.ഐ.ഡി.സി.യുടെയും കീഴിൽ നിലവിൽ വന്ന 3 വൻകിട സ്ഥാപനങ്ങളാണ് കാസർഗോഡ് ജില്ലയിലുള്ളത്.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) പൊതുമേഖല

1. ആസ്ട്രാൽ വാച്ചസ് ലിമിറ്റഡ്.
2. കേരള ഇലക്ട്രിക്കൽ അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ യൂണിറ്റ്

മറ്റുള്ളവ

1. കാൻകോ പോളിമേഴ്സ് ലിമിറ്റഡ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ഐ.ഡി.സി.യുടെ പരിഗണനയിലുള്ള പദ്ധതിയായ ഡി.സി. പവർ ലിമിറ്റഡ് 354 കോടി രൂപ മുതൽ മുടക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

പുല്ലൂർ കശുവണ്ടി ഫാക്ടറി തുറക്കാൻ നടപടി

126 (1199) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള പുല്ലൂർ കശുവണ്ടി ഫാക്ടറി അടഞ്ഞു കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫാക്ടറി അടഞ്ഞു കിടക്കുന്നതിനാൽ നിരവധി തൊഴിലാളി കുടുംബങ്ങൾ പട്ടിയിണിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കശുവണ്ടി ഫാക്ടറി തുറക്കുവാൻ എന്തെങ്കിലും നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്ന് പ്രവർത്തനം പുനരാരംഭിക്കുന്നതിന് ബാങ്ക് വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ കൺസോർഷ്യം ബാങ്കുകളുമായി ചർച്ച നടത്തിവരികയാണ്. കോർപ്പറേഷൻ, ബാങ്കുകൾക്ക് നൽകുവാനുള്ള 110 കോടി രൂപയുടെ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കുവാൻ തീരുമാനിച്ചു. കൂടാതെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി 80 കോടി രൂപയുടെ പാക്കിംഗ് ക്രെഡിറ്റിനും 40 കോടി രൂപയുടെ ലറ്റർ ഓഫ് ക്രെഡിറ്റിനുമുള്ള ഗ്യാരന്റി 2003 വർഷത്തേയ്ക്ക് പുതുക്കി നൽകാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ടാനിൻ നിർമ്മിക്കുന്ന ഫാക്ടറികൾ

127 (1201) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടാനിൻ നിർമ്മിക്കുന്ന എത്ര ഫാക്ടറികളുണ്ട് ;

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ടാനിൻ നിർമ്മാണ ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly